**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4823 — 05/02/2014-ൽ മറുപടിയ്ക്ക്

## പച്ചക്കറി വികസനത്തിനായി രൂപീകരിച്ച 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. വി. ശശി

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) പച്ചക്കറി വികസനത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ വഴിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

എ) 2012-13 ൽ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ രൂപീകൃതമായ ക്ലസ്റ്ററുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ആണ് 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ 2013-14 ൽ തെരഞ്ഞെടുക്കുന്നത്. ക്ലസ്റ്ററുകളിൽ അവശ്യം വേണ്ടുന്ന വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സാങ്കേതിക സഹായങ്ങളും ഈ പദ്ധതി വഴി നൽകുന്നതാണ്. ഇതിനായി നടപ്പു വർഷത്തിൽ 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ക്ലസ്റ്ററുകൾ വഴിയുള്ള കൃഷിയിലൂടെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
- ക്ലസ്റ്റർ ശാക്തീകരണം.
- ക്ലസ്റ്ററുകൾക്കു കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ എന്നതാണ് 'എ' ഗ്രേഡ് ക്ലസ്റ്റർ പദ്ധതിയുടെ ലക്ഷ്യം

നടപ്പു വർഷത്തിൽ ഒരു ക്ലസ്റ്ററിന് 6.3 ലക്ഷം രൂപാ നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ട 100 ക്ലസ്റ്ററുകൾക്കാണ് 630 ലക്ഷം രൂപയുടെ ആനുകൂല്യം നൽകുക. തെരഞ്ഞെടുക്കപ്പെട്ട 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് തൈയുല്പാദന യൂണിറ്റ്, മഴ മറകൾ, കാർഷിക യന്ത്രോപകരണങ്ങൾ

തുടങ്ങി റിവോൾവിംഗ് ഫണ്ടുൾപ്പെടെയുള്ള പ്രത്യേക സഹായം നൽകുന്നതാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിക്കാവുന്നതാണ്.

- ഉല്പന്നങ്ങളുടെ സംഭരണ കേന്ദ്രങ്ങൾ രൂപീകരിച്ച് വേണ്ടതായ സൗകര്യങ്ങൾ ഒരുക്കുക. (തുലാസ്, കട്ടികൾ എന്നിവ).
- ജൈവ,സസ്യസംരക്ഷണ ഉപാധികളുടെ വിതരണം.
- തൈയുല്പാദനവും വിതരണവും.
- ട്രാൻസ്പോർട്ടേഷൻ ആനുകൂല്യങ്ങൾ.
- മണ്ണു പരിശോധന സൗകര്യങ്ങൾ.
- ക്ലസ്റ്റർ മെമ്പർമാർക്ക് കിസാൻ ക്രെഡിറ്റ് കാർഡുകളുടെ ലഭ്യത ഉറപ്പുവരുത്തൽ, പരിശീലന അവബോധന പരിപാടികൾ.
- പുതിയ സാങ്കേതിക വിദ്യകളുടെ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കൽ.

ബി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള 100 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

ബി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള 100 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ ജില്ലതിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 5 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 10 |
| കോട്ടയം | 5 |
| ഇടുക്കി | 5 |
| എറണാകുളം | 10 |
| തൃശ്ശൂർ | 10 |

| | |
|---|---|
| പാലക്കാട് | 10 |
| മലപ്പുറം | 10 |
| കോഴിക്കോട് | 5 |
| വയനാട് | 5 |
| കണ്ണൂർ | 10 |
| കാസറഗോഡ് | 5 |
| **ആകെ** | 100 |

സി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഈ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സി) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചലിൽ ഒന്നും, നെയ്യാറ്റിൻകര, പാറശാല എന്നിവിടങ്ങളിൽ രണ്ടും വീതം 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ ആണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അവയുടെ രജിസ്ട്രേഷനടക്കമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായി തിരുവനന്തപുരം ജില്ലയ്ക്ക് 31.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

Snehama

**സെക്ഷൻ ഓഫീസർ**